# Athmaraksha.org

മാതാവിന്റെ പ്രത്യക്ഷീകരണങ്ങൾ

## വല്ലാർപാടത്തമ്മ



കൊച്ചി തുറമുഖത്തിനു വടക്കുകിഴക്കായി കിടക്കുന്ന വല്ലാർപാടംപള്ളി വരാപ്പുഴ അതിരൂപത യുടെ ഭാഗമാണ്. 1951-ൽ ഭാരതസർക്കാർ വല്ലാർപാടം പള്ളി വലിയ തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപനം നടത്തി. 2004 സെപ്റ്റംബറിൽ ദേശീയ തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിക്കപ്പെട്ടു. 1524-ൽ പോർട്ടുഗീസുകാർ പരിശുദ്ധാത്മാവിന്റെ നാമത്തിൽ ദ്വീപിന്റെ തെക്കുകിഴക്കേ മൂലയിൽ ഒരു പള്ളി പണിതു. 17-ാം നൂറ്റാണ്ടിൽ വെള്ളപ്പൊക്കത്തിൽ ഈ പള്ളി ഒലിച്ചുപോയി. വല്ലാർപാടം അന്ന് മറ്റു ഭൂവിഭാഗങ്ങളിൽ നിന്ന് വേർതിരിഞ്ഞു. പോർട്ടുഗീസുകാർ ലിസ്ബണിൽ നിന്നും കൊണ്ടുവന്നതാണ് വല്ലാർപാടത്തമ്മയുടെ തിരുസ്വരൂപം. കാരുണ്യമാതാവിന്റെ പേരിൽ മാതാവിന്റെ ഈ തിരുസ്വരൂപം അറിയപ്പെടുന്നു. വെള്ളപ്പൊക്കത്തിൽ ഒഴുകിപ്പോയ വർണ്ണചിത്രം കൊച്ചിരാജാവിന്റെ പ്രധാനമന്ത്രിയായിരുന്ന പാലിയത്ത് രാമൻ വലിയച്ചനാണ് വീണ്ടെടുത്തു കൊടുത്തത്. ഇദ്ദേഹമാണ് ഇന്ന് പള്ളിയിരിക്കുന്ന സ്ഥലവും പള്ളിയിലെ കെടാവിളക്കുകളും നൽകിയത്. 1895-ലാണ് ഇന്നത്തെ പള്ളി വെഞ്ചെരിച്ചത്.

1752-ൽ വല്ലാർപാടത്തെ നായർകുടുംബമായ പള്ളിവീട്ടിൽ മീനാക്ഷിയമ്മയും (മറിയം) മകനും കുഞ്ഞിനെ ചോറൂട്ടാൻ മട്ടാഞ്ചേരിയിലെ ക്ഷേത്രത്തിലേക്കു പോകുംവഴി വഞ്ചി അപകടത്തിൽപെട്ട് ആഴിയിൽ മുങ്ങിത്താണു. മൂന്നു ദിവസങ്ങൾക്കുശേഷം വല്ലാർപാടത്തമ്മയെ വിളിച്ചപേക്ഷിച്ചതുമൂലം മുക്കവരുടെ വലയിൽ കിട്ടി സുരക്ഷിതമായി കരയ്ക്കെത്തി. ജീവിതകാലം മുഴുവൻ അവരിരുവരും അടിമകളായി അവിടെ ഇരിക്കാമെന്ന് വാഗ്ദാനം ചെയ്തു. കാവു (മറിയം) കുട്ടി (യേശുദാസൻ) ഇവരുടെ പിൻഗാമികൾ ഇന്നും ഇവിടുത്തെ ഭക്തരാണ്. അടിമ ഇരിക്കുന്നതും വഞ്ചിയും വലയും വെഞ്ചെരിക്കുന്നതും പ്രധാന നേർച്ചകളാണ്. 2005 ഫെബ്രുവരിയിൽ ഈ പള്ളിയെ മൈനർ ബസിലിക്കയായി ഉയർത്തി. ഈസ്റ്റർ കഴിഞ്ഞുള്ള 50-ാം ദിവസം ഇവിടുത്തെ തിരുനാൾ ആഘോഷിക്കുന്നു. ഇന്ന് അനേകം തീർത്ഥാടകരെത്തുന്ന ഒരു പുണ്യസ്ഥലമാണ് വല്ലാർപാടം.